## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 75 കൗൺസിലർമാർക്ക് മാലിന്യ സംസ്കരണം, ഇ-ഗവേണൻസ്, നഗരഭരണ സംവിധാനം എന്നിവ സംബന്ധിച്ച പഠനയാത്രക്ക് ഡൽഹി, ചണ്ഡിഗഡ്, സിംല എന്നീ നഗരങ്ങൾ സന്ദർശിക്കുന്നതിനും തനതുഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

### തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.2598/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 26.07.2017

==========================================================

പരാമർശം:-1. 07.03.2017-ലെ നഗരകാര്യ ഡയറക്ടറുടെ ജി3-25743/16 നമ്പർ കത്ത്.

2. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 27.12.2016,20.07.2017 തിയതികളിലെ ഡി1/95617/17 നമ്പർ കത്തുകൾ.

### <u>ഉത്തരവ്</u>

മാലിന്യ സംസ്കരണം, ഇ-ഗവേണൻസ്, നഗരഭരണ സംവിധാനം എന്നിവ സംബന്ധിച്ച പഠനം നടത്തുന്നതിലേക്കായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 75 കൗൺസിലർമാർക്ക് രണ്ട് ഘട്ടങ്ങളായി ഡൽഹി, ചണ്ഡിഗഡ്, സിംല എന്നീ നഗരങ്ങളിൽ ആഗസ്റ്റ് മാസത്തിൽ പഠനയാത്ര നടത്തുന്നതിന് അനുമതിയും യാത്ര ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതിയും നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (2)-ലെ കത്ത് പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അപേക്ഷ സമർപ്പിച്ചു

2. മാലിന്യ സംസ്കരണം, ഇ-ഗവേണൻസ്, നഗരഭരണ സംവിധാനം എന്നിവ സംബന്ധിച്ച പഠനം നടത്തുന്നതിലേക്കായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 75 കൗൺസിലർമാർക്ക് കൗൺസിലിന്റെ 03/10/2016 ലെ 102-ാം നമ്പർ തീരുമാന പ്രകാരം രണ്ട് ഘട്ടങ്ങളായി ഡൽഹി, ചണ്ഡിഗഡ്, സിംല എന്നീ നഗരങ്ങളിൽ 10 ദിവസത്തേക്ക് പഠനയാത്ര നൽകുന്നതിനും ആയതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും, 75 കൗൺസിലർമാർക്ക് രണ്ട് ഘട്ടങ്ങളായി ഡൽഹി, ചണ്ഡിഗഡ്, സിംല എന്നീ നഗരങ്ങളിൽ 10 ദിവസത്തേക്ക് പഠന യാത്ര നടത്തുന്നതിന് 5 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും യാത്രക്ക് ശേഷം ചെലവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ കൗൺസിലിൽ വച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന നിബന്ധനയിന്മേൽ നഗരസഭക്ക് അനുമതി നൽകാവുന്നതാണെന്നും പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മാലിന്യ സംസ്കരണം, ഇ-ഗവേണൻസ്, നഗരഭരണ സംവിധാനം എന്നിവ സംബന്ധിച്ച പഠനം നടത്തുന്നതിലേക്കായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 75 കൗൺസിലർമാർക്ക് രണ്ട് ഘട്ടങ്ങളായി ഡൽഹി, ചണ്ഡിഗഡ്, സിംല എന്നീ നഗരങ്ങളിൽ 10 ദിവസത്തേക്ക് യാത്ര നടത്തുന്നതിന് 5 ലക്ഷം

രൂപയിൽ അധികരിക്കാത്ത തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. യാത്രക്ക് ശേഷം ചെലവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ കൗൺസിലിൽ വച്ച് അംഗീകാരം വാങ്ങേണ്ടതും വിശദമായ പഠനറിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിനി ജെ ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മേയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ട് ജനറൽ (A&E/Audit) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ